അതിൻപ്രകാരം കേരളത്തിലെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഭാഷകളെക്കുറിച്ച് പഠിക്കുകയും അവയെ സംരക്ഷിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികളെക്കുറിച്ച് വയനാട്ടിലെ പട്ടികവർഗ്ഗ സമുദായമായ പണിയൻ സമുദായത്തിന്റെ ഭാഷയ്ക്കുവേണ്ടി രൂപീകരിച്ച ലിപിയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിനുപുറമെ ഏതാനും പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭാഷയിൽ നിഘണ്ടു, പാഠാവലി, പഠനസഹായി എന്നിവ തയ്യാറാക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. കൂടാതെ "പട്ടികവർഗ്ഗഭാഷയും വായ്മൊഴി ശേഖരണവും" എന്ന പദ്ധതിയും തുടങ്ങിയിട്ടുണ്ട്.

(ഡി) സ്വീകരിച്ചു വരുന്നു.

**ആദിവാസികളുടെ പാർപ്പിട പ്രശ്നങ്ങൾ**

10 (*70) ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ പാർപ്പിട പ്രശ്നപരിഹാരത്തിന് നിലവിലുള്ള പദ്ധതികളെ സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) ഈ പദ്ധതികൾ പ്രകാരമുള്ള തുക വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കാമോ;

(സി) ഇനിയും പാർപ്പിട സൗകര്യം ലഭ്യമായിട്ടില്ലാത്ത ആദിവാസി കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ആദിവാസികളുടെ പാർപ്പിടപ്രശ്ന പരിഹാരത്തിനായി സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീടുകൾ അനുവദിക്കുന്നതിന് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി പ്രഖ്യാപിച്ചിരുന്നു. അതിൻപ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന ജനറൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഹൗസിംഗ് സ്കീം, ഹഡ്കോ ഭവനനിർമ്മാണ പദ്ധതി, എ.ടി.എസ്.പി. ഭവന നിർമ്മാണ പദ്ധതി എന്നീ പദ്ധതികൾ മുഖേനയും ഗ്രാമവികസന വകുപ്പിന്റെ ഐ.എ.വൈ. പദ്ധതിപ്രകാരവും വീടുകൾ അനുവദിച്ചുവരുന്നു. വീട് അനുവദിച്ച് ആറ് വർഷം പൂർത്തിയായവയ്ക്ക് അറ്റകുറ്റപ്പണികൾ, നവീനപ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഒരു ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. കൂടാതെ 12 വർഷങ്ങൾക്കുമുമ്പ് വീട് അനുവദിച്ചതും, കാലപ്പഴക്കംകൊണ്ട് പുനരുദ്ധരിച്ച് ഉപയോഗിക്കാൻ കഴിയാത്തതുമായ വീടുകൾക്ക് പകരം മുൻഗണനാക്രമത്തിൽ പുതിയ വീടുകൾ അനുവദിച്ചുവരുന്നു.

(ബി) ഭവനനിർമ്മാണത്തിനായി വിവിധ ശീർഷകങ്ങളിൽ അനുവദിച്ച തുക യഥാസമയം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഐ.എ.വൈ. പദ്ധതിയിൽ 2014-15, 2015-16 വർഷങ്ങളിൽ അനുവദിച്ച 18674 വീടുകൾക്ക് സർക്കാർ നൽകേണ്ട തുക വിതരണം ചെയ്തിട്ടില്ല.

(സി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**പുനർജനി - 2030 പദ്ധതി**

11 (*71) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'പുനർജനി-2030' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എപ്പോഴെങ്കിലും മദ്യത്തിന് സെസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിലൂടെ ഇതുവരെ എത്ര തുക സമാഹരിച്ചു എന്നും എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം സഹായങ്ങളാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.